## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ

## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ടിന്റെ പുനർനിയമനം - സ്ഥലംമാറ്റം - ശ്രീമതി. പി.എസ്.ഗീത - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം : 1. ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ് തീയതി. 14/12/2015

2. ശ്രീമതി. പി.എസ്. ഗീതയുടെ അപേക്ഷ

3. തൃശൂർ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കത്ത് നമ്പർ. എ6/2653/15 തീയതി. 28/12/15.

### ഉത്തരവ് നമ്പർ. സി5/7/2015/ഡി.പി.ഐ. തീയതി.30/12/2015

തൃശൂർ വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീമതി. പി.എസ്.ഗീത ദീർഘനാളായി അവധിയിൽ (31.12.2015-വരെ) പ്രവേശിച്ചിരുന്നു. സൂചന (2) പ്രകാരം തൃശൂർ വിദ്യാഭ്യാസ ഉപ ഡയറക്ടർ ആവശ്യപ്പെട്ടതനുസരിച്ച് ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി അവധി ഒഴിവിൽ സൂചന (1) പ്രകാരം പകരം നിയമനം നടത്തുകയും ചെയ്തിരുന്നു.

സൂചന (3) പ്രകാരം, ശ്രീമതി. പി.എസ്.ഗീത സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിക്കുകയും, **31.12.2015** -ന് അവധി അവസാനിക്കുന്ന മുറയ്ക്ക്, **01.01.2016** മുതൽ ടിയാളെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. പി.എസ്.ഗീതയെ പാലക്കാട് ജില്ലയിൽ കൊല്ലംകോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസീൽ നൂൺ മീൽ ഓഫീസറായി ആയി പുനർ നിയമനം നൽകികൊണ്ടും, കൊല്ലംകോട് ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസീലെ നൂൺ മീൽ ഓഫീസറായ ശ്രീ. പി.ജെ. ദാനിയേലിനെ തൊടുപുഴ ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസീൽ ശ്രീമതി. നസീമബീഗം (നൂൺ മീൽ ഓഫീസർ) വിരമിക്കുന്ന ഒഴിവിലും 01.01.2016 പ്രാബല്യത്തിൽ സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഒപ്പ്)
**വി.എസ്. ഉഷാകുമാരി**
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

//അംഗീകാരത്തോടെ//

സൂപ്രണ്ട്

പകർപ്പ് :

1. വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃശൂർ, ഇടുക്കി
2. ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലംകോട്, തൊടുപുഴ